**ഖനിത്തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിച്ചിരുന്ന ഛത്തീസ്ഗഢ് മൈൻസ് ശ്രമിക് സംഘിന് പരിസ്ഥിതി – സാമൂഹിക വിഷയങ്ങളിൽ തികച്ചും വ്യത്യസ്തമായ വീക്ഷണങ്ങളാണ് ഉണ്ടായിരുന്നത്. 1991–ൽ (കൊല്ലപ്പെടുന്നതിന് ഏതാനും മാസം മുമ്പ്), തങ്ങളുടെ സംഘടനയുടെ അത്തരം നിലപാടുകൾ വിശദീകരിച്ച് തൊഴിലാളി പ്രസ്ഥാനത്തിന് നേതൃത്വം നൽകിയിരുന്ന ശങ്കർ ഗുഹാ നിയോഗി എഴുതിയ ലേഖനം**

# മയിലുകൾ ഇപ്പോഴും നൃത്തം ചെയ്യുന്നില്ല

**ഛത്തീസ്ഗഢ്** മൈൻസ് ശ്രമിക് സംഘ് എന്ന ഖനിത്തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്ന റജിസ്ട്രേഡ് തൊഴിലാളി സംഘടന അതിന്റെ ആരംഭകാലത്തുതന്നെ തൊഴിലാളി സംഘടനാപ്രവർത്തനത്തിന്റെ സാധ്യതകൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവന്നിരുന്നു. മറ്റ് തൊഴിലാളി സംഘടനകളെപ്പോലെ കേവലം കൂലിവർദ്ധനവിന് മാത്രമായി അത് തങ്ങളുടെ പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തിയിരുന്നില്ല. സി.എം.എസ്.എസിന്റെ പ്രവർത്തകർ വിവിധ മാർഗ്ഗങ്ങളിലൂടെ സാമൂഹ്യ–സാംസ്കാരിക വിഷയങ്ങളിൽ സജീവമായി ഇടപെട്ടുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ എട്ടു പത്തുകൊല്ലക്കാലമായി സി.എം.എസ്.എസിന്റെ പ്രവർത്തകർ അസംഘടിത തൊഴിലാളികൾ, ആദിവാസികൾ കർഷകർ എന്നിവരുമായി ചേർന്നുമായി  നല്ല ആരോഗ്യത്തിനായി പോരാടുക എന്ന കാമ്പയിൻ മാജിക് ഷോ, തെരുവുനാടകങ്ങൾ സാഹിത്യ പ്രചരണങ്ങൾ എന്നിവയിലൂടെ നടത്തിവരികയാണ്. ഈയൊരു പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി സിഎംഎസ്എസ് ഒരു ആശുപത്രിയും സ്ഥാപിക്കുകയുണ്ടായി. അമ്പത് ബെഡ്ഡുകളുള്ള ഈ ആശുപത്രിയിൽ ആധുനിക ഓപ്പറേഷൻ തിയറ്ററും പ്രസവവാർഡുമുണ്ട്.

സി.എം.എസ്.എസ് ഈ മേഖലയിലെ ചരിത്രങ്ങൾ ശേഖരിക്കുന്നതിനും ചരിത്രപുരുഷന്മാരുടെ രക്തസാക്ഷിത്വ ദിനങ്ങൾ ആചരിക്കുന്നതിനും –അതിലൂടെ ജനങ്ങളിൽ സ്വാഭിമാനബോധം വളർത്തുന്നതിനും –മുൻകൈ എടുക്കുകയുണ്ടായി. വീർ നാരായൺ സിംഗ് അത്തരത്തിലുള്ള നേതാക്കളിൽ ഒരാളായിരുന്നു.

തൊഴിലാളികൾക്കിടയിലെ മദ്യാസക്തിയെ ചെറുക്കുന്നതിന്റെ ഭാഗമായി സംഘടന അതിശക്തമായ മദ്യവിരുദ്ധ പ്രചരണം നയിക്കുകയുണ്ടായി. മദ്യവിരുദ്ധ

പരിഭാഷ: കെ.   സഹദേവൻ

പ്രചരണത്തിന്റെ പര്യായമായി ഇന്ന് സംഘടന മാറിക്കഴിഞ്ഞിരിക്കുന്നു.

സ്പോർട്സ്, വിദ്യാഭ്യാസം, തുടങ്ങിയ പല മേഖലകളിലും സിഎംഎസ്എസ് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ആറോളം സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ച് സർക്കാരിന് കൈമാറുകയുണ്ടായി. യൂനിയൻ സ്വയം തന്നെ ഒരു പ്രാഥമിക വിദ്യാലയം നടത്തുന്നുണ്ട്. ആയിരക്കണക്കിന് സ്ത്രീതൊഴിലാളികളെ സംഘടിപ്പിക്കുകയും അവരെ നേതൃസ്ഥാനങ്ങളിൽ സജീവമാക്കുകയും വഴി സ്ത്രീകളുടെ മാത്രമായ വിഷയങ്ങൾ സംഘടനയുടെ അജണ്ടയുടെ സുപ്രധാന ഭാഗമാക്കി മാറ്റുന്നത് ഉറപ്പുവരുത്താനും സാധിച്ചു. ഇതേരീതിയിൽ പരിസ്ഥിതി പ്രശ്നങ്ങളിലും യൂനിയൻ സജീവമായി പ്രവർത്തിച്ചു വരുന്നു. പരിസ്ഥിതി വിഷയങ്ങളിൽ മുതലക്കണ്ണീർ പൊഴിക്കുന്നതിനു പകരം സി.എംഎസ്എസ് തങ്ങളുടെ ബോധ്യത്തിനനുസരിച്ച് പരിസ്ഥിതി പ്രശ്നങ്ങളിൽ വ്യക്തമായ പദ്ധതികൾ ആവിഷ്കരിക്കുകയും പ്രവർത്തിക്കുകയും ചെയ്തു.



**പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ മനുഷ്യാധ്വാനവും സമ്പത്തും ധൂർത്തടിക്കുന്ന സർക്കാർ ഉദ്യോഗസ്ഥന്മാരുടെ നടപടികളെ എതിർത്തുതോൽപ്പിക്കും. പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ നടപ്പിലാക്കുന്ന തൊഴിലാളി വിരുദ്ധ നടപടികളെ ശക്തമായി നേരിടും. വ്യാവസായികാന്തരീക്ഷത്തിന് വിഘാതം സൃഷ്ടിക്കുന്ന അമൂർത്തമായ പരിസ്ഥിതിബോധ്യങ്ങളെയും ശക്തമായ പ്രതിഷേധങ്ങളിലൂടെ നേരിടും**

## പരിസ്ഥിതി വിഷയങ്ങളിലെ ഇടപെടൽ

അടുത്തകാലത്ത്, സി.എം.എസ്.എസിന്റെ പ്രവർത്തകർ ഓസോൺ പാളികളിൽ സംഭവിക്കുന്ന വിള്ളലുകൾ സംബന്ധിച്ചും, അന്തരീക്ഷത്തിൽ വിഷലിപ്തമായ വാതകങ്ങളുടെ അളവുകൾ വർദ്ധിക്കുന്നതിനെക്കുറിച്ചും, അന്തരീക്ഷത്തിലെ ഓക്സിജൻ അളവ് കുറയുന്നതിനെക്കുറിച്ചും ഒക്കെയുള്ള വിവരങ്ങൾ ശേഖരിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തുവരുന്നുണ്ട്. സ്വന്തംനാട്ടിൽ ഷാൻഖിനി നദിയും ഡാല്ലി ഖനികളിൽ നിന്ന് ഉറവയെടുക്കുന്ന ചെറുനദികളും ചുവന്നു കലങ്ങിയ വെള്ളവുമായി ഒഴുകുന്നത് തൊഴിലാളികൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഡിസ്റ്റ്ലറി, സ്റ്റീൽ പ്ലാന്റ്, ഫെർട്ടിലൈസർ പ്ലാന്റ് എന്നിവയിൽ നിന്നുള്ള മലിനജലം ഖാരൂൺ, ശിവ്നാദ് എന്നീ നദികളിലെ വെള്ളം മലിനമാക്കിയിരുന്നു. വ്യവസായ വികസനത്തിന്റെ പേരിൽ ഇത്തരത്തിലുള്ള പ്രകൃതിനാശങ്ങൾ നടത്തുന്നതിനെക്കുറിച്ച് യൂനിയന് അകത്തുതന്നെ ചൂടേറിയ ചർച്ചകൾ നടക്കുന്നുണ്ടായിരുന്നു.

ഗ്യാസ് ബൂസ്റ്റേർസ്, ആക്സിലേറ്റേർസ്, കംപ്രസ്സർ, ബ്ലാസ്റ്റ് ഫർണ്ണസ് തുടങ്ങിയ മേഖലയിൽ ജോലി ചെയ്യുന്നവർ തങ്ങൾക്ക് കുയിലിന്റെ സ്വരമാധുര്യം കേൾക്കാൻ കഴിയുന്നില്ലെന്ന് പരാതി പറയുകയുണ്ടായി, ഞങ്ങൾ അത് അവരുടെ ഭാഗ്യദോഷമായി കരുതുകയും അവരെ അവരുടെ പാട്ടിന് വിടുകയുമാണുണ്ടായത്. എന്നാൽ സ്വയം സാക്ഷ്യപ്പെടുത്തുന്ന ദൈനംദിന ജീവിതത്തിന്റെ ഭാഗമായുള്ള ഇത്തരം പ്രശ്നങ്ങൾ വിശാലമായ പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി കാണുവാൻ ഞങ്ങൾക്ക് കഴിഞ്ഞിരുന്നില്ല.

പരിസ്ഥിതി നാശങ്ങൾ സൃഷ്ടിക്കുന്നതിൽ ഛത്തീസ്ഗഢ് ഖനികൾ നല്ല ഉദാഹരണങ്ങളാണ്. സിഎംഎസ്എസിന്റെ പ്രവർത്തകർ ഉറച്ചുവിശ്വസിക്കുന്നത്:

1. അനീതിയും അടിച്ചമർത്തലും ഉള്ളിടങ്ങളിൽ പ്രതിരോധങ്ങളും ഉണ്ടായിരിക്കണം.
2. നശീകരണപ്രക്രിയകളെ തടയിടേണ്ടത് നിർമ്മാണ പ്രവർത്തനങ്ങളുടെ സർഗ്ഗാത്മകതയിലൂടെയായിരിക്കണം.

പരിസ്ഥിതി വിഷയങ്ങളിൽ യൂനിയന്റെ ഇടപെടൽ ആരംഭിച്ചത് ചെറിയൊരു സംഭവത്തിലൂടെയായിരുന്നു. ഒരു ദിവസം ഒരു ആദിവാസി കരഞ്ഞുകൊണ്ട് യൂനിയൻ ഓഫീസിൽ വരികയുണ്ടായി. അദ്ദേഹവും ഏതാനും സുഹൃത്തുക്കളും ചേർന്ന് കാട്ടിൽ നിന്നും വിറകുകൾ ശേഖരിച്ച് പട്ടണത്തിൽ കൊണ്ടുചെന്ന് വിൽക്കാൻ ശ്രമിച്ചപ്പോൾ ഒരു വനംവകുപ്പ് ഉദ്യോഗസ്ഥൻ അവരെ തടയുകയും അടിക്കുകയും അവരുടെ വിറകുകൾ ബലമായി പിടിച്ചെടുത്ത് അവരുടെ മുന്നിൽ വെച്ചുതന്നെ മറ്റൊരാൾക്ക് വിൽക്കുകയും ചെയ്തുവെന്ന് ആ ആദിവാസി സുഹൃത്ത് പറയുകയുണ്ടായി.

തൊട്ടടുത്ത ദിവസം ഹരിയാലി ഉത്സവമായിരുന്നു. താനും തന്റെ കുട്ടികളും ഉത്സവദിനത്തിൽ പട്ടിണി കിടക്കേണ്ടിവരുമെന്ന് അദ്ദേഹം പറഞ്ഞു.

ഏതാനും യൂനിയൻ അംഗങ്ങൾ രാജ്ഹാര പോലീസ് സൂപ്രണ്ടിനെ കണ്ട് വനപാലകർക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടു. ആദ്യം സൂപ്രണ്ട് മടികാട്ടിയെങ്കിലും പിന്നീട് ഫോറസ്റ്റ് ഉദ്യോഗസ്ഥനെ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചുവരുത്തി. ഉദ്യോഗസ്ഥൻ പോലീസ് സൂപ്രണ്ടിനോട് പറഞ്ഞത്, ഈ മനുഷ്യൻ വനം നശിപ്പിക്കുകയാണെന്നും തങ്ങൾക്ക് പരിസ്ഥിതി സംരക്ഷിക്കേണ്ടതുണ്ടെന്നുമായിരുന്നു. തനിക്ക് ഇയാൾക്കെതിരെ കേസെടുക്കാൻ പോലും കഴിയുമെന്നും അയാൾ പറഞ്ഞു. ഓരോ കെട്ടു വിറകിനും 5 രൂപ കൈക്കൂലി വാങ്ങുന്നത് നിയമപരമാണോ എന്ന് യൂനിയൻ അംഗങ്ങൾ ചോദിച്ചപ്പോൾ അക്കാര്യം ഉദ്യോഗസ്ഥൻ നിഷേധിക്കുകയാണുണ്ടായത്. വനങ്ങളെല്ലാം അപ്രത്യക്ഷമാകുന്നത് മര മില്ലുകൾ മൂലമാണെന്ന് യൂനിയൻ അംഗങ്ങൾ ചൂണ്ടിക്കാട്ടി. കോൺട്രാക്ടർമാരും രാഷ്ട്രീയ നേതാക്കന്മാരും ഒരുമിച്ച് ചേർന്ന് വനം നശിപ്പിക്കുകയാണ്. അത് പരിസ്ഥിതിയെ നശിപ്പിക്കുന്നില്ലേ? പ്രവർത്തകർ ചോദിച്ചു. അത് നിയമലംഘനമായി പരിഗണിക്കുകയില്ലേ? എന്തുകൊണ്ടാണ് എല്ലാ നിയമങ്ങളും ആദിവാസികളുടെയും പാവപ്പെട്ടവരുടെയും മേൽ മാത്രം പ്രയോഗിക്കുന്നത്? നിയമപാലകർ ആദിവാസികൾക്കിടയിൽ ഭയവും ആശങ്കളും വിതയ്ക്കുകയാണെങ്കിൽ ജനകീയ പ്രസ്ഥാനങ്ങളിലൂടെ ആദിവാസികളുടെ സുരക്ഷയ്ക്കായ് ഞങ്ങൾക്ക് പ്രവർത്തിക്കേണ്ടി വരും.

ആ ദിവസം തൊട്ട് ഞങ്ങളുടെ യൂനിയൻ വെല്ലുവിളി ഏറ്റെടുക്കുകയും ഉടൻ തന്നെ നമ്മുടെ വനത്തെ അറിയുക എന്ന കാമ്പെയ്ൻ ആരംഭിക്കുകയും ചെയ്തു.

## കാഴ്ചപ്പാടും തന്ത്രവും

വൈകാതെ തന്നെ ആഴ്ചകൾ തോറും യൂനിയൻ ഓഫീസിൽ യോഗങ്ങൾ ചേരുകയും ഈ പ്രചരണ പ്രവർത്തനങ്ങൾക്ക് നിർമ്മാണാത്മക ദിശ നൽകാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. നിരവധി ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന വിഷയങ്ങൾ അംഗീകരിക്കപ്പെട്ടു.

1. പരിസ്ഥിതി നാശത്തിനുള്ള കാരണങ്ങൾ വിശകലനം ചെയ്യുക
2. പരിസ്ഥിതി വിഷയങ്ങളിൽ സുഗ്രാഹ്യമായ രീതിയിൽ പൊതുമനസ്സാക്ഷി വികസിപ്പിക്കുന്നതിന് ദേശീയതലത്തിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.
3. വനത്തിന്റെയും വന വിഭവങ്ങളുടെയും മേലുള്ള ആദിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം, അതുവഴി വനം തങ്ങളുടേതാണെന്ന ബോധം അവരിൽ നിലനിർത്തേണ്ടതുണ്ട്.
4. നിലവിലുള്ള വനനിയമങ്ങളിലെ തെറ്റായ വശങ്ങൾ തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ബദൽ രീതികളും പ്രക്രിയകളും വികസിപ്പിക്കുന്നതിനും വേണ്ടി ജനകീയാടിത്തറ ശക്തിപ്പെടുത്തേണ്ടതുണ്ട്.
5. അധികാരികൾ നടത്തുന്ന അഴിമതികളും നിയമങ്ങളുടെ വളച്ചൊടിക്കലുകളും ശക്തിയായി എതിർക്കപ്പെടണം. ഭരണ നിർവ്വഹണത്തിനുള്ള ശരിയായ നിർദ്ദേശങ്ങൾ ഉണ്ടായിരിക്കണം.
6. വനത്തെ അറിയുക എന്ന പ്രചരണപ്രവർത്തനങ്ങളുടെ ഭാഗമായി വനവുമായുള്ള നമ്മുടെ ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.
7. ജലമലിനീകരണത്തിനെതിരായി കടുത്ത നടപടികൾ സ്വീകരിക്കുകയും ശുദ്ധമായ കുടിവെള്ളം നൽകുന്നതിനായി അധികാരികളോട് ആവശ്യപ്പെടുകയും ചെയ്യുക.
8. ശബ്ദമലിനീകരണം തടയുന്നതിനായി ലൗഡ് സ്പീക്കർ ഉപയോഗം കുറയ്ക്കുന്നതിൽ പൊതുജനങ്ങളിൽ അവബോധം വളർത്താൻ ശ്രമിക്കും.
9. ഇന്ത്യയിലെയും ലോകത്തിലെ തന്നെയും പരിസ്ഥിതി പ്രസ്ഥാനങ്ങളെക്കുറിച്ച് മനസിലാക്കാൻ യൂണിയനിലെ മുതിർന്ന അംഗങ്ങൾ ശ്രമിക്കുന്നതാണ്. അത്തരം പ്രസ്ഥാനങ്ങളുമായി സാഹോദര്യം വളർത്തിയെടുക്കാനും യൂനിയൻ അംഗങ്ങളെ പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും അവർ ശ്രമിക്കുന്നതാണ്.
10. യൂനിയന് അംഗബലമുള്ള വ്യവസായ യൂനിറ്റുകളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുന്നതായിരിക്കും. ശബ്ദമലിനീകരണത്തിനെതിരായി പൊരുതുകയും ശബ്ദമലിനീകരണം കാരണം പ്രശ്നമനുഭവിക്കുന്ന തൊഴിലാളികൾക്കു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യും.
11. പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ മനുഷ്യാധ്വാനവും സമ്പത്തും ധൂർത്തടിക്കുന്ന സർക്കാർ ഉദ്യോഗസ്ഥന്മാരുടെ നടപടികളെ എതിർത്തു തോൽപ്പിക്കും. പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ നടപ്പിലാക്കുന്ന തൊഴിലാളി വിരുദ്ധ നടപടികളെ ശക്തമായി നേരിടും. വ്യാവസായികാന്തരീക്ഷത്തിന് വിഘാതം സൃഷ്ടിക്കുന്ന അമൂർത്തമായ പരിസ്ഥിതിബോധ്യങ്ങളെയും ശക്തമായ പ്രതിഷേധങ്ങളിലൂടെ നേരിടും.

### ആരംഭം

സി.എം.എസ്.എസിന്റെ പ്രവർത്തന മേഖല വടക്കൻ ബസ്തറും ദുർഗ്ഗ് ജില്ലയുടെ തെക്കൻ ഭാഗങ്ങളും ഉൾപ്പെടുന്നതാണ്. ഈ പ്രദേശം ഇരുമ്പ് അയിരുകൊണ്ട് സമൃദ്ധവും ഏഷ്യയിലെ തന്നെ ഏറ്റവും ഉത്പാദനക്ഷമതയുള്ള ഖനികളിലൊന്നുമാണ്. എന്നാൽ 35 വർഷങ്ങൾക്ക് മുമ്പ് കുസുംകാസയിൽ നിന്നും ദോൻഡിയിലേക്കോ ബസ്തറിലേക്കോ ജനങ്ങൾക്ക് പോകേണ്ടതുണ്ടെങ്കിൽ നിബിഢമായ വനങ്ങൾ മുറിച്ചുകടക്കേണ്ടിയിരുന്നു, വഴിയിൽ ഗോണ്ട് ആദിവാസികളുടെ കൊച്ചുകൊച്ചു ഗ്രാമങ്ങൾ കടന്നുവേണം പോകാൻ. നിബിഢമായ വനത്തിനുള്ളിൽ വ്യത്യസ്ത ജാതിയിലുള്ള പക്ഷികൾ ഉണ്ടായിരുന്നു അവയുടെ കലമ്പലുകൾ അന്തരീക്ഷത്തിൽ എപ്പോഴും അലയടിച്ചിരുന്നു. അരുവികളും കൊച്ചുകൊച്ചു നദികളും വനത്തെ ചുറ്റിപ്പറ്റി ഒഴുകിക്കൊണ്ടിരുന്നു, അവയുടെ മർമ്മരങ്ങൾ മറ്റൊരു സംഗീതമായ് തോന്നിച്ചിരുന്നു. കുട്ടികൾ സ്വതന്ത്രരായി കളികളിൽ ഏർപ്പെട്ടിരുന്നു. യുവാക്കളും യുവതികളും കൂടെക്കൂടെ ഒത്തുചേരുകയും രാത്രിമുഴുവനും നൃത്തംവെക്കുകയും ചെയ്യുമായിരുന്നു.

ഒരു ദിവസം ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥന്മാർ കാട്ടിലെത്തി. അവരെത്തുടർന്ന് റഷ്യയിലെയും ഇന്ത്യയിലെയും എഞ്ചിനീയർമാരടങ്ങിയ ഒരു സംഘവും. പിന്നീട് ഒട്ടും പ്രതീക്ഷിക്കാതെ ഒരു



പൊട്ടത്തെറി. മനുഷ്യരും, മൃഗങ്ങളും പക്ഷികളും ഒരുപോലെ ഞെട്ടിത്തെറിച്ചു. ആദ്യത്തെ ഈ പൊട്ടിത്തെറി ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പടർന്നുകൊണ്ടിരുന്നു. പിന്നീട് ബുൾഡോസറുകൾ എല്ലാത്തിനുംമേൽ ആധിപത്യം സ്ഥാപിച്ചു. മയിലുകളും കുയിലുകളും എവിടെ അപ്രത്യക്ഷമായെന്ന് ആർക്കറിയാം? വാദ്യഘോഷങ്ങൾ നിലച്ചു, യുവാക്കൾ പിന്നീടൊരിക്കലും കാട്ടിൽ നൃത്തംചെയ്യുകയുണ്ടായില്ല. അവർക്ക് നൃത്തം ചെയ്യാനായി കാടുകൾ ഉണ്ടായിരുന്നില്ല. ഒന്നൊന്നായി ലക്ഷക്കണക്കിന് മരങ്ങൾ മുറിച്ച് കടത്തുകയുണ്ടായി. ആ സ്ഥലങ്ങളിൽ ഡസൻ കണക്കിന് മരമില്ലുകൾ കൂണുകൾ പോലെ മുളച്ചുപൊന്തി. ഒരിക്കൽ സ്ഫടികം പോലെ തെളിഞ്ഞിരുന്ന് ഒഴുകിയിരുന്ന അരുവികൾ ഇരുമ്പയിരുകൾ നിറഞ്ഞ കലക്കവെള്ളവുമായൊഴുകാൻ തുടങ്ങി.

ഹരിതാവരണങ്ങളുടെ ലാഞ്ചന പോലും കണ്ടെത്താൻ കഴിയാത്ത ഒരു ദിനം വന്നെത്തി. പകരം രാജ്നന്ദ്ഗാവ് തൊട്ട് ദുർഗ്ഗിലെയും റായ്പൂരിലെയും മരമില്ലുടമകളുടെയും വ്യാപാരികളുടെയും വൻകൊട്ടാരങ്ങൾ അവിടെ ഉയർന്നുവന്നു. രാജ്ഹാരയിലെ ഇരുമ്പയിരുകൾ ഭിലായിയിലെ സ്റ്റീൽ പ്ലാന്റിൽ ഉരുകുകയും അവിടങ്ങളിലെ പുകക്കുഴലുകളിൽ നിന്നുയർന്ന പുക വികസനത്തിന്റെ ചിഹ്നങ്ങളായി മാറുകയും ചെയ്തു. മലിനമാക്കപ്പെട്ട അടിത്തറയിൽ പുത്തൻ വികസന സൗധങ്ങൾ പണിതുയർത്തപ്പെട്ടു.

**പരിസ്ഥിതി എന്ന വാക്കിനെ പ്രകൃതി എന്ന വാക്കുകൊണ്ട് പകരം വെക്കാൻ യൂനിയൻ നിശ്ചയിച്ചു – നമ്മുടെ പൂർവ്വികരെക്കാളും മുന്നെ തന്നെ അതിവിടെ ഉണ്ടായിരുന്നു. നമ്മുടെ പൂർവ്വിക ശ്വസിച്ച വായുവും ദാഹം തീർത്ത വെള്ളവും മലിനമാക്കാൻ നമുക്ക് യാതൊരധികാരവുമില്ല. വനങ്ങൾ യഥാർത്ഥത്തിൽ തങ്ങളുടേതാണെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുന്ന നിമിഷം ഓ രോ ആളുകളും – കുട്ടികൾ പോലും – ജാഗ്രതയോടെയിരിക്കും വനം സംരക്ഷിക്കുകയും ചെയ്യും.**

പിന്നീട് സ്ഥാപിക്കപ്പെട്ട സിമെന്റ് ഫാക്ടറിയിൽ നിന്ന് ഉയർന്ന പൊടിപടലങ്ങൾ സമീപപ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ മുഴുവൻ വ്യാപിക്കുകയും ലക്ഷക്കണക്കിന് കർഷകരെ വഴിയാധാരമാക്കുകയും ചെയ്തു. അതിനിടയിൽ പുതുതായി അരംഭിച്ച ഡിസ്റ്റിലറിയിൽ നിന്ന് നാടെങ്ങും ദുർഗ്ഗന്ധം പരക്കുകയും അവയിലെ മാലിന്യങ്ങൾ നദികൾ മലിനമാക്കുകയും ചെയ്തു. നദീതീരങ്ങളിൽ താമസിക്കുന്ന ജനങ്ങളിൽ ചൊറി പടർന്നുപിടിക്കാനും ആരംഭിച്ചു. കന്നുകാലികളുടെ മരണം അസ്വാഭാവികമായി ഉയർന്നു. ആളുകൾ കൂട്ടത്തോടെ നഗരങ്ങളിലേക്കും പട്ടണങ്ങളിലേക്കും ചേക്കേറാൻ തുടങ്ങി. മെഷീനുകളുടെ നിരന്തരമായ ശബ്ദകോലാഹലങ്ങൾക്കും വ്യവസായശാലകളിൽ നിന്നുള്ള രാസവസ്തുക്കളുടെ ദുർഗ്ഗന്ധങ്ങൾക്കും വൃത്തികേടുകൾക്കും ഇടയിൽ മനുഷ്യർ കീടങ്ങളെപ്പോലെ ജീവിക്കാൻ വിധിക്കപ്പെട്ടു.

പരിസ്ഥിതി സംരക്ഷണം ഇപ്പോൾ കേന്ദ്രവിഷയമായി മാറിക്കഴിഞ്ഞിരിക്കുന്നു. പുതിയൊരു വെല്ലുവിളിയാണിത്. അതിൽ നിന്നും നാം ഉയിർത്തെഴുന്നേൽക്കേണ്ടതുണ്ട്.

## അസമത്വത്തിലൂന്നിയ വികസനവും അനുചിതമായ നിയമങ്ങളും

ഇപ്പോൾ മഴക്കാറുകൾ കാണുമ്പോൾ മയിലുകൾ പീലിവിടർത്തി ആടാറില്ല. അവയുടെ നൃത്തഭൂമി, വനങ്ങൾ, തിരിച്ചുപിടിക്കാൻ സാധിക്കാത്തവിധം നശിപ്പിച്ചിരിക്കുന്നു. നശീകരണം ഇപ്പോഴും അനസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നു. അതേസമയം, കോൺക്രീറ്റ് കാടുകൾ അവയുടെ സാമ്രാജ്യം വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇഷ്ടികയുടെയും ഇരുമ്പിന്റെയും ഗുഹകൾകൊണ്ടുള്ള പുതിയ ലോകത്ത് ജീവിക്കുവാൻ മനുഷ്യൻ പഠിച്ചുകൊണ്ടിരിക്കുന്നു. ടെലിവിഷനുകളിലൂടെ അവർ ലോകത്തിന്റെ മാറിമാറിവരുന്ന ദൃശ്യങ്ങൾ മിനുട്ടുകൾക്കകം കണ്ടുകൊണ്ടിരിക്കുന്നു. വൻകിട കമ്പനികളുടെ ചുവരുകൾ വനങ്ങളുടെയും സുന്ദരികളായ ആദിവാസി സ്ത്രീകളുടെയും എണ്ണഛായാ ചിത്രങ്ങൾ കൊണ്ട് അലങ്കരിക്കപ്പെട്ടു-ഇത് ആദിവാസി സംസ്കാരത്തോടുള്ള അവരുടെ ബഹുമാനത്തെ സൂചിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ്! അവർക്ക് മടുപ്പനുഭവപ്പെടുമ്പോൾ സൂര്യാസ്തമയവും പ്രകൃതി സൗന്ദര്യവും ആസ്വദിക്കാൻ അവർ ഗോവയിലേക്കോ ഡാർജിലിങ്ങിലേക്കോ വിനോദയാത്രകൾ നടത്തി.

ഗ്രാമങ്ങളിൽ, രാത്രി ഇരുണ്ടിരിക്കുമ്പോൾ ചിലനേരങ്ങളിൽ യുവാക്കൾ പാട്ടുപാടുകയും നൃത്തംവെക്കുകയും ചെയ്യും. അവർ പറയാറുണ്ട്, നിങ്ങൾ നഗരങ്ങളിലെ ആളുകൾ ഉറങ്ങുമ്പോൾ ഞങ്ങൾ നിലാവിന്റെ കൂട്ടുകാരായി ആടുകയും പാടുകയും ചെയ്യും.

എന്തൊരു വൈരുദ്ധ്യം. ലോഡുകണക്കിന് മരങ്ങൾ കാടുകളിൽ നിന്ന് നഗരങ്ങളിലേക്ക് കടത്തപ്പെടുമ്പോൾ, മുളങ്കാടുകൾ കടലാസ് മില്ലുകളിലേക്ക് അപ്രത്യക്ഷമാകുമ്പോൾ ദേശീയതലത്തിൽ പാരിസ്ഥിതികാവബോധം വളർത്തിയെടുക്കുക ശ്രമകരമായ ജോലിതന്നെ.

ദ്രുതഗതിയിൽ ചുരുങ്ങിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ജനങ്ങൾ പരിസ്ഥിതിയെ സംബന്ധിച്ച് ഉത്കണ്ഠാകുലരാണ്. ആഗോള പരിസ്ഥിതി തകർച്ച അത്രമേൽ ഗുരുതരമായതുകൊണ്ടുതന്നെ നമ്മുടെ വീട്ടുമുറ്റത്തുള്ള നാലോ അഞ്ചോ മരങ്ങളോ അല്ലെങ്കിൽ ചേരികളിലെ കുറ്റിക്കാടുകളോ എങ്ങിനെയാണ് നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ പോകുന്നതെന്ന് നമുക്ക് ചോദിക്കാൻ കഴിയും. സ്ഥിതിവിവരക്കണക്കുകൾ കൊണ്ട് പൊതുമനസ്സാക്ഷിയെ ഉണർത്താൻ കഴിയുകയില്ല എന്നതേ സത്യമാണ്. പാരിസ്ഥിതിക പ്രതിസന്ധികളെ മറികടക്കാൻ യുക്തിയും സ്ഥിതിവിവരക്കണക്കുകളും യോജിപ്പിച്ചുകൊണ്ട് നമ്മുടെ വൈകാരിക പ്രതികരണങ്ങളെ തൊട്ടുണർത്താൻ പോകുന്ന സർഗ്ഗാത്മക പരിപാടികൾ നാമിനിയും ആസൂത്രണം ചെയ്യേണ്ടതുണ്ട്. അത്തരമൊരു പരിപാടിയിലൂടെ മാത്രമേ പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ചുള്ള ദേശീയമനസ്സാക്ഷി ഉരുത്തിരിഞ്ഞുവരികയുള്ളൂ.

അതുകൊണ്ടുതന്നെ പരിസ്ഥിതി എന്ന വാക്കിനെ പ്രകൃതി എന്ന വാക്കുകൊണ്ട് പകരം വെക്കാൻ യൂനിയൻ നിശ്ചയിച്ചു– നമ്മുടെ പൂർവ്വികരെക്കാളും മുന്നെതന്നെ അതിവിടെ ഉണ്ടായിരുന്നു. നമ്മുടെ പൂർവ്വികർ ശ്വസിച്ച വായുവും ദാഹം തീർത്ത വെള്ളവും മലിനമാക്കാൻ നമുക്ക് യാതൊരധികാരവുമില്ല. ഈ നദികൾ, ഈ വായു, ഈ മലനിരകൾ, ആ വനങ്ങൾ, ഈ പക്ഷികൾ– ഇത് നമ്മുടെ ഭൂമിയാണ്. നമ്മുടെ ലോകത്തെ മുന്നോട്ടുനയിക്കാൻ ശാസ്ത്രത്തിന്റെ സഹായം നാം തേടും, അതേസമയം നദികൾ മലിനമാകാതെ സ്വതന്ത്രമായി ഒഴുകുന്നുവെന്നും വായു ശുദ്ധമായിരിക്കുമെന്നും നാം ഉറപ്പിക്കും.


ഉടൻ പുറത്തിറങ്ങുന്നു

**കേരളീയം പ്രത്യേകലക്കം**

**പശ്ചിമഘട്ടം**

**പഠനങ്ങൾ, രേഖകൾ, ഫോട്ടോകൾ, ലേഖനങ്ങൾ, അഭിപ്രായങ്ങൾ**

എഴുതുക, അറിയിക്കുക

അവസാന തീയതി: ഒക്ടോബർ 30


മനുഷ്യനോടുള്ള സ്നേഹം രാഷ്ട്രത്തോടും പ്രകൃതിയോടും ഉള്ള സ്നേഹമായി കണക്കാക്കപ്പെടുന്ന, രാഷ്ട്രഭക്തിയായി പരിഗണിക്കപ്പെടുന്ന ഒരു സമൂഹനിർമ്മാണമാണ് നമുക്ക് വേണ്ടത്. പരിസ്ഥിതി സംരക്ഷിക്കുന്നതിന് അത്തരമൊരു ദേശീയമനസ്സാക്ഷിയാണ് നമുക്കാവശ്യം.

കാടുകളിൽ നിന്ന് നൂറുകണക്കിന് മൈൽ അകലെനിന്ന് വന്ന വ്യാപാരികളും കച്ചവടക്കാരും വനങ്ങൾ കൊള്ളയടിച്ചാണ് ലക്ഷപ്രഭുക്കളായി മാറിയിരിക്കുന്നത് എന്നത് സാമാന്യബോധമുള്ള ആർക്കും മനസിലാകും. വനപാലകരുമായി അവർ കൈകോർത്തു. അവരിൽ പലരും ഉന്നതരായ രാഷ്ട്രീയനേതാക്കളുടെ അടുത്ത ബന്ധുക്കളായിരുന്നു. അവരിൽ പലർക്കും സ്വന്തമായി ട്രക്കുകളും മരമില്ലുകളും ഉണ്ടായിരുന്നു. ചിലർ ഫോറസ്റ്റ് കോൺട്രാക്ടർമാരായിരുന്നു. അവരുടെ ഓരോ നിമിഷങ്ങളും സങ്കുചിത വ്യക്തിതാൽപര്യങ്ങൾക്കായി ഉപയോഗിച്ചുകൊണ്ടിരുന്നു. ഇന്ത്യയിലെ കാടുകളിൽ കഴിയുന്ന ആദിവാസികൾ തങ്ങളുടെ ആർത്തിക്കായ് ഒരിക്കലും വനങ്ങളെ ഉപയോഗിക്കാറേ ഇല്ല. എന്നാലിന്ന്, ദൈനംദിനാവശ്യങ്ങൾക്ക് വനവിഭവങ്ങൾ ഉപയോഗിക്കുന്നതിനുപോലും വനം വകുപ്പുദ്യോഗസ്ഥന്മാർക്ക് കൈക്കൂലി കൊടുക്കേണ്ട അവസ്ഥയാണുള്ളത്.

## വ്യക്തിഗത – സാമൂഹിക – ദേശീയ താൽപര്യങ്ങൾ

വ്യക്തിഗത-സാമൂഹിക-ദേശീയ താൽപര്യങ്ങൾ പരസ്പരപൂരകങ്ങളാണ്. എന്നാൽ വനനിയമങ്ങൾ തയ്യാറാക്കുന്ന ഘട്ടത്തിൽ ആദിവാസി സമൂഹത്തിന്റെ സാമൂഹിക താൽപര്യങ്ങൾ ഒരിക്കലും കണക്കിലെടുക്കാറില്ല. ആദ്യവനനിയമം 1817ൽ ബ്രിട്ടീഷുകാരാണ് നടപ്പിലാക്കിയത്. അന്ന് ആരംഭിച്ച പ്രശ്നങ്ങൾ ഇന്നും തുടരുകയാണ്. ഈ നിയമങ്ങൾ, തദ്ദേശീയ ജനതയെ അവരുടെ തന്നെ മണ്ണിൽ നിന്ന് അന്യരാക്കി മാറ്റിക്കൊണ്ട്, ആദിവാസികൾക്ക് നേരെയുള്ള അക്രമമാണ്.

ഇത് നമ്മുടെ വനമാണെന്ന് അഭിമാനത്തോടെ പറയാൻ ഇന്ന് ആദിവാസികൾക്ക് സാധിക്കുന്നില്ല. വനങ്ങൾ ഇന്ന് അനാഥമാക്കി മാറ്റിയിരിക്കുകയാണ്. ഉദ്യോഗസ്ഥപ്രഭുത്വങ്ങളുടെ കൈകളിൽ വനപാലകരുടെ സ്വാതന്ത്ര്യപ്രഖ്യാപനമായി വനനിയമങ്ങൾ മാറിയിരിക്കുന്നു. വനനിയമങ്ങൾ പരിഷ്കരിക്കേണ്ടത് ഇന്ന് വളരെ അത്യാവശ്യമായിരിക്കുന്നു.

വനംകൊള്ളക്കാരെ തിരിച്ചറിയേണ്ടതുണ്ട്. വനങ്ങളിലെ ലക്ഷക്കണക്കിന് ചെടികളെയും സസ്യങ്ങളെയും തിരിച്ചറിഞ്ഞ് ഒരു പട്ടിക തയ്യാറാക്കേണ്ടതുണ്ട്. വനങ്ങളിൽ താമസിക്കുന്ന ആദിവാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന നിയമനിർമ്മാണങ്ങൾ രൂപപ്പെടുത്തുകയും അവ നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്. വനവിഭവങ്ങളുടെ ഗുണഭോക്താക്കൾ പ്രാദേശിക ജനങ്ങളായിരിക്കണം. കാടുകൾക്കടുത്ത് താമസിക്കുന്ന കർഷകരുടെ ഇന്ധനാവശ്യങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. ആദിവാസികൾക്ക് തങ്ങളുടെ വീടുകൾ നിർമ്മിക്കാൻ വനങ്ങളിൽ നിന്ന് മരംമുറിക്കാനുള്ള അവകാശം നിയമപരമായി സംരക്ഷിക്കപ്പെടേണ്ടതുണ്ട്, അതിനവർക്ക് പണം നൽകേണ്ടി വന്നാൽപ്പോലും.

ഒരു പരിധിവരെ നിലവിലുള്ള വനനിയമങ്ങളിൽ ഇത്തരം ആവശ്യങ്ങൾ അംഗീകരിക്കുന്നുണ്ട്. എന്നാൽ ഈ നിയമങ്ങൾ നടപ്പിലാക്കുക വളരെ ശ്രമകരമാണ്. വനപാലകരുടെ കാര്യക്ഷമതയില്ലായ്മ, നിരുത്തരവാദിത്വം, അഴിമതി എന്നിവ പ്രശ്നങ്ങളെ കൂടുതൽ വഷളാക്കിയിരിക്കുന്നു. ആദിവാസി താൽപര്യങ്ങൾ സംരക്ഷിക്കുന്ന കാര്യക്ഷമമായ വന നയം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

വനങ്ങൾ യഥാർത്ഥത്തിൽ തങ്ങളുടേതാണെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുന്ന നിമിഷം ഓരോ ആളുകളും – കുട്ടികൾപോലും–ജാഗ്രതയോടെയിരിക്കും വനം സംരക്ഷിക്കാൻ.